## 752

1 യേശുവേ എൻപ്രാണനായകാ! ജീവനെനിക്കേകിയോനേ
എൻ സങ്കടങ്ങൾ അറിഞ്ഞെന്റെ വൻകടങ്ങൾ തീർത്തെന്റെ
കണ്ണുനീർ തുടച്ചല്ലോ നീ

2 പാപിയായ് ഞാൻ ജീവിച്ചപ്പോൾ പാതതെറ്റി ഓടിയപ്പോൾ
പാലകൻ നീ തേടി ഈ പാതകനടിയാനെ പാവനമാർഗ്ഗേ ചേർത്തല്ലോ-

3 എന്നെ നിന്നിൽ ധന്യനാക്കുവാൻ വന്നിതോ എന്നുള്ളിൽ രാജനായ്
തന്നിതോ നിൻനീതിയും ദിവ്യമാം സന്തോഷവും നിത്യമാം സമാധാനവും

4 ഭാരമെന്യേ ജീവിക്കുവാൻ എൻഭാരമെല്ലാം ചുമന്നവനേ
ആശ്രയം നീ മാത്രമെൻ ആശയിൻ പ്രകാശമേ
ആശിഷം നിൻ കാരുണ്യമേ-

5 വന്നിടും ഞാൻ അതിവേഗത്തിൽ എന്നുരച്ചു പോയവനേ
വന്നു നിൻ മഹിമയിൻ രാജ്യമതിൽ ചേർക്കുവാൻ
ആശയാൽ ഞാൻ കാത്തിടുന്നേ-